# റുഖിയ്യ അശ്ശറഇയ്യ

ഇതിനു അവലംബിച്ച ഗ്രന്ഥങ്ങള്: 1. അല് ഫത്താവ അദ്ദഹബിയ ഫീറുഖിയ അശ്ശറഇയ്യ, ഖാലിദ് അല് ജസാഇരി, ഇംഗ്ലീഷ് Fatwas on faith healing and Witchcraft by Khalid Al-Jaraisy (മസ്ജിദുന്നബവിയിലെ അദ്ധ്യാപകനാണ്) Translated by Mohamed Atif Mogahed Mohamed.-Riyadh., It is a selection of Fatwas by Ibn-Baz, Ibn-Uthaimeen, Ibn-Jibreen and others; the Fatwas are selected and compiled by Khaled al-Jaraisy, and are translated by Mohamed Atif Mogahed Mohamed. ഇതിലെ ഫത്ത്വവകളെല്ലാം ഇതില് നിന്നാണ് എടുത്തത്. 2. വഹീദ് അബ്ദുസ്സലാം ബാലിയുടെ protect yourself from jinn and shaithaan, മസ്ജിദു അന്നബവിയിലെ അദ്ധ്യാപകന്, ഖാലിദ് അല് ജസാഇരി ഇതിന്റെ മുഖവുരയില് സലഫുകളുടെ രീതിയില് എഴുതിയത് എന്ന് സാക്ഷ്യപ്പെടുത്തുന്നു, ഇതിന്റെ അറബി ഗ്രന്ഥം കുവൈറ്റിലെ ഇഹിയാഉ തുറാസ്.. പ്രസിദ്ധീകരിച്ചിട്ടുണ്ട്,. 3. ഡോക്ടര് ഉമര് സുലൈമാനുല്അശ്കറിന്റെ ആലമുല് ജിന്ന് വ ശയത്തീനിന്റെ ഇംഗ്ലീഷ് പരിഭാഷ, 4. ഡോക്ടര് അബുല്മുന്ദിര്ഖലീലിബിനു ഇബ്രാഹീം അമീനിന്റെ the jinn and human sickness: remedies in the light of qura’n and sunnah.

أَعُوذُ بِاللَّهِ السَّمِيعِ الْعَلِيمِ مِنْ الشَّيْطَانِ الرَّجِيمِ مِنْ هَمْزِهِ وَنَفْخِهِ وَنَفْثِهِ

الْحَمْدُ لِلَّهِ, نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ, وَنَعُوذُ بِاَللَّهِ مِنْ شُرُورِ أَنْفُسِنَا وَسَيِّئَاتِ أَعْمَالِنَا. مَنْ يَهْدِ اللَّهُ فَلَا مُضِلَّ لَهُ, وَمَنْ يُضْلِلْ فَلَا هَادِيَ لَهُ. وَأَشْهَدُ أَنْ لَا إلَهَ إلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ, وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ, أَرْسَلَهُ بِالْهُدَى وَدِينِ الْحَقِّ؛ لِيُظْهِرَهُ عَلَى الدِّينِ كُلِّهِ، وَكَفَى بِاَللَّهِ شَهِيدًا اللَّهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ

اللَّهُمَّ بَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا بَارَكْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ,

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ حَقَّ تُقَاتِهِ وَلَا تَمُوتُنَّ إِلَّا وَأَنْتُمْ مُسْلِمُونَ

സ്വഹിഹ് മുസ്ലിമില് ഇങ്ങനെ ഒരു അദ്ധ്യായം ഉണ്ട്, ലാ ബഅ്സ ബിര്റുഖാ മാലം യകുന്ശിര്കുന്' (ശിര്ക്ക് ഇല്ലാത്ത റുഖിയ കുഴപ്പമില്ല)

ഔഫിബിനു മാലിക്കില് ആശ്ജഈ പറഞ്ഞു: "ഞങ്ങള് ജാഹിലിയാ കാലത്ത് റുഖിയ ചെയ്യാറുണ്ടായിരുന്നു, ഞങ്ങള് പ്രവാചകനോട് ചോദിച്ചു; 'ഇതിനെക്കുറിച്ച് താങ്കളുടെ അഭിപ്രായം എന്താണ്', പ്രവാചകന് അപ്പോള് പറഞ്ഞു; 'നിങ്ങള് എനിക്കാ മന്ത്രം കാണിച്ചു തരൂ, ശിര്ക്ക് ഇല്ലാത്ത റുഖിയ കുഴപ്പമില്ല' (മുസ്ലിം 4079).

ആയിശ(റ) പറഞ്ഞു; "കണ്ണേറിനുള്ള മന്ത്രം ചെയ്യുന്നത് പഠിക്കാന് പ്രവാചകന്എന്നോട് കല്പിക്കാറണ്ടായിരുന്നു." (മുസ്ലിം 4071).

ജാബിറിബിനു അബ്ദുല്ലാഹ് പറഞ്ഞു: "അംര് ഗോത്രത്തിനു പാമ്പ് കടിക്കുള്ള റുഖിയ നടത്തുന്നതിന് പ്രവാചകന് പ്രത്യേക അനുമതി കൊടുത്തിരുന്നു." അബൂ സുബൈര്പറഞ്ഞു; "ജാബിര് ഇബിനു അബ്ദുല്ലാഹ് ഇങ്ങനെ പറയുന്നത് ഞാന് കേട്ടു; 'ഞങ്ങള് പ്രവാചകന്റെ ഒപ്പം ഇരിക്കുകയായിരുന്നു, അപ്പോള് ഞങ്ങളില് ഒരാളെ ഒരു തേള് കടിച്ചു. ഒരാള് പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരെ ഞാന് റുഖിയ നടത്തും,' അപ്പോള് പ്രവാചകന് പറഞ്ഞു: 'നിങ്ങളില് നിന്നും തന്റെ സഹോദരനെ സഹായിക്കാന് കഴിയുന്നവര് അത് ചെയ്യട്ടെ" (മുസ്ലിം 4076, 4077, 4078).

ആയിശ(റ) പറഞ്ഞു: "പ്രവാചകന് ഞങ്ങളിലേക്ക് വന്നു അപ്പോള് ഒരു സ്ത്രീ എനിക്ക് ചികിത്സിച്ചുകൊണ്ടിരിക്കുകയായിരുന്നു, അല്ലെങ്കില് റുഖിയ നടത്തികൊണ്ടിരിക്കുകയായിരുന്നു. അപ്പോള് പ്രവാചകന് പറഞ്ഞു: "അല്ലാഹുവിന്റെ ഗ്രന്ഥം കൊണ്ടവളെ ചികിത്സിക്കൂ" (സ്വഹിഹ് ഇബിനു ഹിബ്ബാന് 66205, സ്വഹീഹാണെന്ന് അല്ബാനി, അസ്സില്സിലത്തു സ്സ്വഹീഹ്, 4/566. നം.1931)

പ്രവാചക പത്നി ഉമ്മുസലമ(റ) പറഞ്ഞു: പ്രവാചകന് ഒരിക്കല് ഉമ്മു സലമയുടെ വീട്ടില് വച്ച് മുഖത്ത് കറുത്ത പാടുള്ള ഒരു പെണ്കുട്ടിയെ കണ്ടപ്പോള് അവരോടു പറഞ്ഞു: "ഇത് കണ്ണേറു ബാധിച്ചത് മൂലമാണ്, അവള്ക്ക് റുഖിയ നടത്തിക്കൊടുക്കൂ." (മുസ്ലിം 4074).

ആയിശ(റ) പറഞ്ഞു:പ്രവാചകന് അവസാനമായി രോഗം ബാധിച്ചപ്പോള്, പ്രവാചകന് മുഅവ്വിദാത്ത് ഓതി ഊതുകയും ശരീരത്ത് തടവുകയും ചെയ്തു. പ്രവാചകന് രോഗം കഠിനമായപ്പോള് ഞാന് അവ ഓതി പ്രവാചകന്റെ കയ്യില് ഊതി, പ്രവാചകന്റെകയ്യുടെ അനുഗ്രഹം പരിഗണിച്ചു, തടവിക്കൊടുത്തു. (ബുഖാരി 5310).

ഉസ്മാന് ഇബ്നു അബില്ആസില്നിന്നും: “പ്രവാചകന് എന്നെ തായിഫിലെ ഗവര്ണര്ആയി നിശ്ചയിച്ചപ്പോള് എന്റെ നമസ്ക്കാരത്തില് പ്രശ്നങ്ങള് അനുഭവപ്പെടാന് തുടങ്ങി, എന്റെ നമസ്കാരത്തില് ഞാന് എന്താണ് ചെയ്യുന്നതെന്ന് ഞാന് അറിയുന്നില്ല. എന്റെ ശ്രദ്ധയില് ഇത് പെട്ടപ്പോള് ഞാന് അല്ലാഹുവിന്റെ റസൂലിന്റെ അടുത്തുപോയി, പ്രവാചകനെന്നോട് ചോദിച്ചു, “നീ അബില് ആസിന്റെ മകനല്ലേ?” ഞാന്പറഞ്ഞു, “അതേ പ്രവാചകരേ”, പ്രവാചകന് ചോദിച്ചു, എന്താ നീ വന്നത്”, ഞാന് പറഞ്ഞു, “ എനിക്ക് നമസ്ക്കാരങ്ങളില് ചില പ്രശ്നങ്ങള് അനുഭവപ്പെടുന്നു അല്ലാഹുവിന്റെ പ്രവാചകരേ, എന്റെ നമസ്കാരത്തില് ഞാന് എന്താണ് ചെയ്യുന്നതെന്ന് ഞാനറിയുന്നില്ല.”. പ്രവാചകന് പറഞ്ഞു, “അത് ശൈതാനാണ്, അടുത്തു വരൂ”. ഞാന് പ്രവാചകന്റെ അടുത്തുപോയി ഇരുന്നു. പ്രവാചകന്, തന്റെ കൈകൊണ്ട് എന്റെ നെഞ്ചില് ലഘുവായി മൂന്നു തവണ തട്ടി, എന്റെ വായില് തുപ്പികൊണ്ടു അവിടുന്ന് പറഞ്ഞു, “പുറത്ത് പോകൂ അല്ലാഹുവിന്റെ ശത്രുവേ” ഇത് പ്രവാചകന് മൂന്നു തവണ ചെയ്തു. ശേഷം പറഞ്ഞു, “പോയി താങ്കളുടെ ജോലി ചെയ്തോളൂ” (സ്വഹീഹു സുനന് ഇബ്നു മാജ, 2/273, 2/1175 നം.2858, അസ്സവാഇദില് ഇത് സ്വഹീഹാണെന്ന് അദ്ദേഹം പറഞ്ഞു, അല് ബാനി അസ്സില്സിലത്തു സ്സ്വഹിഹ്, 999/6)

യഅ’ലബിനു മുര്റ പറഞ്ഞു: എനിക്ക് മുന്പോ ശേഷമോ ആരും കാണാത്ത മൂന്നു സംഗതികള് പ്രവാചകനില് നിന്നും ഞാന് കണ്ടിട്ടുണ്ട്. പ്രവാചകനോപ്പം ഞാനൊരു യാത്രപോയി, യാത്രയില് വഴിമധ്യേ തന്റെ കുട്ടിയുമായിരിക്കുന്ന ഒരു സ്ത്രീയെ ഞങ്ങള് കടന്നുപോയി. അവള് പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ.. ഈകുട്ടിയും ഞങ്ങളും കഷ്ടപ്പെടുന്നു, കാരണം അവന് ബാധ(ജിന്ന്) ഏറ്റിരിക്കുന്നു. ഒരു ദിവസം എത്ര തവണയാണ് ബാധ എല്ക്കുന്നത് എന്നെനിക്കറിയില്ല. പ്രവാചകന് പറഞ്ഞു ‘അവനെ ഇങ്ങുതരൂ’, അവര് അവനെ ഉയര്ത്തി പ്രവാചകനെ ഏല്പിച്ചുകൊടുത്തു. പ്രവാചകന് അവനെ തന്റെ മുന്നിലായി ഒട്ടക ജീനിയുടെ പുറത്തിരുത്തി, ശേഷം അവന്റെ വായതുറന്നു അതിലേക്ക് മൂന്നു പ്രാവിശ്യം തുപ്പുകയും ഇങ്ങനെ പറയുകയും ചെയ്തു. “അല്ലാഹുവിന്റെ നാമത്തില്, ഞാന് അല്ലാഹുവിന്റെ അടിമയാണ്, അകലെപ്പോകൂ അല്ലാഹുവിന്റെ ശത്രുവേ”!!”, ശേഷം അവനെ അവരുടെ കയ്യില് കൊടുത്തുകൊണ്ട് പ്രവാചകന്പറഞ്ഞു, “ഞങ്ങള് തിരിച്ചുവരുമ്പോള് ഇവിടെവച്ച് നമ്മളെ കണ്ട് എന്ത് സംഭവിക്കുന്നു എന്ന് പറയണം”. ഞങ്ങള് പോയി തിരിച്ചുവരുമ്പോള് അതേ സ്ഥലത്തുവെച്ച് ആ സ്ത്രീയെ കണ്ടു, അവരുടെ കൂടെ മൂന്ന് ആടുകളും ഉണ്ടായിരുന്നു. പ്രവാചകന്ചോദിച്ചു, “നിന്റെ കുട്ടിക്ക് എങ്ങനെ ഉണ്ട്?” അവള് പറഞ്ഞു, “താങ്കളെ ഈ സത്യവുമായി ആരയച്ചോ, അവനാണെ, ഇതുവരെയും അവന് യാതൊരുവിധ കുഴപ്പവും ഞങ്ങള് കണ്ടില്ല. ഈആടുകള് സമ്മാനമായി താങ്കള് എടുത്താലും.” പ്രവാചകന് എന്നോട് പറഞ്ഞു, “താഴെ ഇറങ്ങി ഒന്നിനെ എടുത്ത് മറ്റുള്ളവ അവള്ക്ക്

തിരിച്ച് കൊടുക്കൂ" (ഇമാം അഹമ്മദ് തന്റെ മുസ്നദില് ഉദ്ദരിച്ചത് 4/70, സ്വഹീഹെന്നു അല് ഹൈത്തമി (മജ്മൂഉ അസ്സവാഇദു, 9/4) അല് മുസ്തദ്റക്കില് ഹാക്കിമും ഇത് ഉദ്ദരിച്ചു (2/617), സ്വഹീഹെന്നു ദഹബി പറഞ്ഞു, ദാരിമി 1/15 നം.17, ജാബിര് (റ) വില്നിന്നും ഇത് റിപ്പോര്ട്ട് ചെയ്യപ്പെടുന്നുണ്ട്.)

അഹമ്മദിന്റെ മറ്റൊരു ഉദ്ദരണി, അദ്ദേഹം പറഞ്ഞു: "വകീഅ' അല് അഅ'മശ് ഇബിനു അല് മിന്ഹലിബിനു അംറില് നിന്നും, അദ്ദേഹം യഅ'ലബിനു മുര്റ യില് നിന്നും അവര് തന്റെ പിതാവില്നിന്നും ഒരിക്കല് ഒരുസ്ത്രീ തന്റെ ബാധയേറ്റ മകനെയും കൊണ്ട് പ്രവാചകന്റെ അടുത്ത് വന്നു, അതിനാല് പ്രവാചകന്പറഞ്ഞു: "പുറത്ത് പോകൂ അല്ലാഹുവിന്റെ ശത്രുവേ, ഞാന് അല്ലാഹുവിന്റെ പ്രവാചകനാണ്" അങ്ങനെ ആ കുട്ടിക്ക് രോഗം ഭേദമായി. ആ സ്ത്രീ പ്രവാചകന് രണ്ട് ആടുകളും കുറച്ചു വെണ്ണയും പാല്ക്കട്ടിയും വാഗ്ദാനം ചെയ്തു. പ്രവാചകന് തന്റെ അനുചരന്മാരില് ഒരാളോട് പറഞ്ഞു: "വെണ്ണയും പാല്ക്കട്ടിയും ഒരാടിനെയും സ്വീകരിക്കൂ, ഒരാടിനെ അവര്ക്ക് തിരിച്ച് നല്കൂ" (അഹമ്മദ്. അല് ഹൈത്തമി മജ്മൂഉ സ്സവാഇദില് സ്വഹീഹെന്നു പറഞ്ഞു.).

ജാബിര് ഇബിനു അബ്ദുല്ലാ പറയുന്നു: "ദാത്തുരിഖാബിലേക്ക് (അവിടം കീഴടക്കാന്) ഞങ്ങള് പ്രവാചകന്റെ കൂടെ പുറപ്പെട്ടു, ഹര്രാത്ത് വാസിം എന്ന സ്ഥലത്ത് എത്തിയപ്പോള് ഒരു സ്ത്രീ പ്രവാചകന്റെ അടുത്തേക്ക് വന്നിട്ട് പറഞ്ഞു: 'പ്രവാചകരെ ഇതെന്റെ മകനാണ്, ഇവനെ പിശാച് ബാധിച്ചിരിക്കുന്നു', പ്രവാചകന് പറഞ്ഞു: അവനെ ഇങ്ങു തരൂ; അവള് അത് ചെയ്തു, അവന്റെ വായ് തുറക്കാന് അവളോട് ആവശ്യപ്പെട്ടപ്പോള് അവളതു ചെയ്തു, പ്രവാചകന് അവന്റെ വായിലേക്ക് തുപ്പുകയും മൂന്നു പ്രാവിശ്യം ഇങ്ങനെ പറയുകയും ചെയ്തു: "അല്ലാഹുവിന്റെ ശത്രുവേ., ഞാന് നിന്നെ ഇവിടെ നിന്നും ഓടിക്കുന്നു, ഞാന് അല്ലാഹുവിന്റെ ദൂതനാണ്." ശേഷം അവളോട് പറഞ്ഞു: "ഇനി നിന്റെ മകനെക്കുറിച്ച് വിഷമിക്കണ്ട, ഇനി അവനെ അത് ബാധിക്കുകയില്ല…", (ഹൈത്തമി പറഞ്ഞു: അല് ബസ്സാറും, ത്വബറാനി, 'അല് ഔസത്തിലും' ഇത് ഉദ്ദരിച്ചിട്ടുണ്ട്. ഇതിന്റെ സനദിലുള്ള അബ്ദുല് ഹാക്കിം ഇബ്നു സുഫിയാനെക്കുറിച്ച് അബി ഹാത്തിം പരാമര്ശിച്ചു, അദ്ദേഹത്തിന്റെ ഉദ്ദരണികള് ആരും തന്നെ പരിശോധനാ വിധേയമാക്കിയിട്ടില്ല, മാറ്റു ള്ളവരെല്ലാം സ്വീകാര്യന്മാരാണ്.)

ഇബിനു അബ്ബാസ് (റ) പറയുന്നു: ഒരു സ്ത്രീ തന്റെ കുട്ടിയുമായി പ്രവാചകന്റെ അടുത്തുവന്നു പറഞ്ഞു, "അല്ലാഹുവിന്റെ ദൂതരെ, നമ്മള് ഭക്ഷണം കഴിക്കുന്ന നേരം ഇവന് ഭ്രാന്ത് പിടിക്കുകയും നമ്മുടെ ഭക്ഷണമിവന് നശിപ്പികയും ചെയ്തു." പ്രവാചകന് അവന്റെ നെഞ്ചില്തടവുകയും അവനുവേണ്ടി പ്രാര്ഥിക്കുകയും ചെയ്തു. ആ കുട്ടി ചര്ദ്ദിച്ചു, അവന്റെ

ഉള്ളിലുണ്ടായിരുന്നത് പുറത്തേക്ക് വരികയും അതോടിപ്പോവുകയും ചെയ്തു(അതൊരു കറുത്ത നായയുടെ കോലത്തിലായിരുന്നു). (അഹമ്മദ്, അദ്ദാരിമി (1/12), അല് ഹൈത്തമി പറഞ്ഞു: സനദിലുള്ള ഫര്ഖദ് അല് സബ്ഖി സ്വീകാര്യനാണെന്ന് ഇബിനു മുഈനും, അല്അജിലിയും പറഞ്ഞു. ചിലര് അദ്ദേഹത്തെ ദുര്ബലനായി കണക്കാക്കുന്നു.(മജ്മൂഉല് സവാഇദു 9/2), അല് ഹാഫിള് ഇബിനു ഹജര്പറഞ്ഞു: "ഭക്തനും വിശ്വസ്തനുമാണ്, എന്നാല് ഇദ്ധേഹത്തിന്റെ ഉദ്ദരണികള് നിറയെ അബദ്ധങ്ങളാണ്).

ഉബയ്യിബിനു കഅബ് പറഞ്ഞു: ഞാന് അല്ലാഹുവിന്റെ റസൂലിന്റെ കൂടെ ഇരിക്കുകയായിരുന്ന സമയത്ത് മരുഭൂനിവാസിയായ ഒരു അറബി വന്നു കൊണ്ട് പറഞ്ഞു; "അല്ലാഹുവിന്റെ ദൂതരേ, എനിക്ക് വേദന സഹിക്കുന്ന ഒരു സഹോദരന് ഉണ്ട്" പ്രവാചകന്ചോദിച്ചു, "എന്താണ് അവന്റെ വേദന?" അയാള് പറഞ്ഞു: "അവന്റെ ഭ്രാന്തായി". പ്രവാചകന് പറഞ്ഞു: അവനെ എന്റെ അടുത്തുകൊണ്ടുവരൂ". അങ്ങനെ പ്രവാചകന് തന്റെ രണ്ട് കൈകള്ക്കിടയിലുമായി അവനെ ഇരുത്തുകയും, സൂറത്തുല്ഫാത്തിഹ, സൂറത്തുല് ബഖറയിലെ ആദ്യത്തെ നാല് ആയത്തുകള്, "ഇലാഹുക്കും ഇലാഹുന് വാഹിദ്........" എന്ന ആയത്ത്, ആയത്തുല് കുര്സി, സൂറത്തുല് ബഖറയിലെ അവസാനത്തെ മൂന്ന് ആയത്തുകള്, സൂറത്തുല് ആലിംറാനിലെ ഒരായത്ത് (ശഹിദല്ലാഹുല്ലദീ ലാ ഇലാഹ ഇല്ലാഹുവ......), സൂറത്തുല് അഅ'റാഫില് നിന്നുള്ള ഒരായത്ത് (ഇന്ന രബ്ബക്കുമുള്ളാഹുല്ലദീ ഹലക്ക സ്സമാവാത്തി...), സൂറത്തുല് മുഅ'മിനൂനിലെ ഒരായത്ത് (ഫ തആല അല്ലാഹുല് മലിക്കുല് ഹക്ക്....), സൂറത്തുല് ജിന്നിലെ ഒരായത്ത് (വ അന്നഹു തഅ'ല ജദ്ധു റബ്ബിനാ... ), സൂറത്തുല് സ്വാഫാത്തിലെ ആദ്യത്തെ പത്തായത്ത്, സൂറത്ത് ഹശിറില്നിന്ന് മൂന്ന് ആയത്ത്, സൂറത്തുല് ഇഹ് ലാസ്, സൂറത്തുല് ഫലഖ്, സൂറത്തുന്നാസ് എന്നിവ കൊണ്ട് അവന് വേണ്ടി അല്ലാഹുവിലഭയം തേടുകയും ചെയ്തു. ശേഷം തനിക്ക് ഒരു വേദനയും അനുഭവപ്പെട്ടിട്ടില്ലാത്തത് പോലെ അവന് എഴുന്നേറ്റു." (അല് ഹൈത്തമി പറഞ്ഞു: അബ്ദുല്ലാഹിബിനു അഹമ്മദ് പറഞ്ഞ ഈ ഹദീസിന്റെ സനദില് ദുര്ബലനായ അബൂ ജനാബ് ഉണ്ട്, എന്നാല് ഇബിനു ഹിബ്ബാന് സ്വീകാര്യനായി കണക്കാക്കുന്നു, സനദില് മറ്റുള്ളവരെല്ലാം സ്വീകാര്യ യോഗ്യരാണ്, 'മജ്മൂഉ അസ്സവാഇദ്'(5/115)).

ഖാരിജ ഇബ്നു അല് സില്ത് തന്റെ അമ്മാവനില് നിന്ന് ഉദ്ദരിക്കുന്നു, അദ്ദേഹം പ്രവാചകന്റെ അടുത്ത് പോയി ഇസ്ലാം സ്വീകരിച്ചു മടങ്ങുമ്പോള്, കുറച്ചു ജനങ്ങളുടെ അടുക്കല് കൂടി കടന്നുപോയി, അവരില് ഭ്രാന്തെടുത്ത് ചങ്ങലക്കിട്ട ഒരു മനുഷ്യന് ഉണ്ടായിരുന്നു.അദ്ധേഹത്തിന്റെ കുടുംബം പറഞ്ഞു: "ഞങ്ങള് പറയുന്നത്, നിങ്ങളുടെ ഈ സുഹൃത്ത് എന്തെങ്കിലും നന്മയും ആയിട്ടായിരിക്കും വന്നിട്ടുണ്ടാവുക, അതിനാല് നിങ്ങളുടെ പക്കല് ഞങ്ങളുടെ ഈ മനുഷ്യനെ സുഖപ്പെടുത്തുന്ന എന്തെങ്കിലും ഉണ്ടോ?" അദ്ദേഹം പറഞ്ഞു:

"ഞാന് അങ്ങനെ അയാളെ സൂറത്ത് ഫാത്തിഹ പാരായണം ചെയ്തു കൊണ്ട് ചികിത്സിക്കുകയും, ഭേദപ്പെടുകയും ചെയ്തു. അവരെനിക്ക് നൂറു ആടുകളെ തന്നു; അതിനാല് ഞാന് പ്രവാചകന്റെ അടുത്തുപോയി അദ്ദേഹത്തെ ഇതറിയിച്ചു. അദ്ദേഹം ചോദിച്ചു: "നീ ഇതല്ലാതെ വേറെ വല്ലതും പറഞ്ഞോ?" ഞാന് പറഞ്ഞു: 'ഇല്ല' പ്രവാചകന് പറഞ്ഞു: നീ നിന്റെ പ്രതിഭലം സ്വീകരിച്ചു കൊള്ളൂ, നീ സത്യമായ ഒരു റുഖിയ കൊണ്ടാണ് കഴിക്കുന്നത്, അസത്യമായത് കൊണ്ടല്ല." (സുനന് അബിദാവൂദ് 2966/3398/3402., അന്നസാഈ, അമലുല് യൌമി വല്ലയില, 1032, ഹാകിം.1/559-560, അത്ത്വയാലിസി.1362, അഹമ്മദ്. 5/210-211, അല്ബാനി. അസ്സില്സിലത്തു സ്സ്വഹീഹ് 44/5-2027)

അബു യഅ'ല, ഹനഷ് അസ്സനഗാനിയില്നിന്നും, അദ്ദേഹം അബ്ദുല്ലാഹിബിനു മസ്ഊദില് നിന്നും ഉദ്ദരിക്കുന്നു: ബാധയേറ്റ ഒരുമനുഷ്യന്റെ ചെവിയില് അദ്ദേഹം ഖുര്ആന് ഓതിക്കൊടുക്കുകയും, സുഖപ്പെടുകയും ചെയ്തു. പ്രവാചകന് അബ്ദുല്ലാഹിബിനു മസ്ഊദിനോട് ചോദിച്ചു: "താങ്കളെന്താണ് അവന്റെ ചെവിയില് പാരായണം ചെയ്തത്?" അദ്ദേഹം മറുപടി പറഞ്ഞു: ഞാന് ഓതിയത്, "അഫഹസിബ്തും അന്നമാ ഹലക്കിനാക്കും അബസ വ അന്നക്കും ഇലൈനാ ലാ തുര്ജഊന്................" (സൂറത്തുല് മുഅ'മിനൂനിലെ അവസാനത്തെ ആയത്ത്), അദ്ദേഹം സൂറത്ത് അവസാനം വരെ പാരായണം ചെയ്തു. അല്ലാഹുവിന്റെ പ്രവാചകന്പറഞ്ഞു: "ഒരു മനുഷ്യന് വേണ്ട വിതം ഇത് ഒരു പര്വതത്തിനുമേല് പാരായണം ചെയ്താല്, അത് തകരും" (അല് ഹൈത്തമി പറഞ്ഞു: "ഈ ഹദീസിന്റെ സനദില്, ഇബ്നു ലഹിയ ഉണ്ട് അദ്ദേഹത്തിന്റെ ഉദ്ദരണികളില് ചില ദുര്ബലതകള് ഉണ്ട്, എന്നാല് അദ്ദേഹത്തിന്റെ ഹദിസ് സ്വീകാര്യമാണ്, സനദില് ബാക്കിയുള്ളവരെല്ലാം സ്വീകാര്യന്മാരാണ്.)

ഉമ്മു അബാന്, തന്റെ പിതാവ് അല്വാളിഅ' ഇല് നിന്ന്, അവരുടെ പിതാമഹന് അസ്സാരിഅ' ഇബിനു ആമിറുല് അബ്ദീ, ബാധ ഏറ്റ തന്റെ മകനെയും(അല്ലെങ്കില് അനന്തിരവന്) കൂട്ടി അല്ലാഹുവിന്റെ റസൂലിന്റെ(സ) അടുത്ത് പോയി. പിതാമഹന് പറഞ്ഞതായി അവര് പറയുന്നു, "ഞങ്ങള് പ്രവാചകന്(സ) യുടെ അടുത്ത് എത്തിയപ്പോള് ഞാന് പറഞ്ഞു: " എന്റെ കൂടെ ബാധയേറ്റ ഒരു മകനുണ്ട് (അല്ലെങ്കില് അനന്തിരവന്) അവനുവേണ്ടി താങ്കള് അല്ലാഹുവിനോട് പ്രാര്ഥിക്കാന് ഞാന് അവനെ കൊണ്ടുവന്നിട്ടുണ്ട്.", പ്രവാചകന് പറഞ്ഞു; "അവനെ കൊണ്ടുവരൂ", അങ്ങനെ ഞാന് അവനെ എടുക്കാനായി എന്റെ യാത്രാ മൃഗങ്ങളുടെ അടുത്തുപോയി, അവന്റെ യാത്രാ വസ്ത്രങ്ങള് അഴിച്ചുമാറ്റി നല്ല വസ്ത്രങ്ങള് അണിയിച്ചു. ഞാന് എന്റെ കൈകളില് അവനെയും എടുത്ത് പ്രവാചകന്റെ അടുത്ത് തിരിച്ചുചെന്നു. പ്രവാചകന് പറഞ്ഞു, "എന്റെ അടുത്തേക്ക് അവനെ കൊണ്ട് വന്നു അവന്റെ

പുറകുവശത്തെ എനിക്ക് നേരേ തിരിക്കൂ". ശേഷം പ്രവാചകന് കുട്ടിയുടെ വസ്ത്രത്തില് പിടികൂടുകയും പ്രവാചകന്റെ കക്ഷത്തെ വെളുപ്പ് പുറത്ത് കാണുന്ന രീതിയില് ശക്തിയായി കുട്ടിയുടെ പുറത്ത് അടിക്കാന് തുടങ്ങി, അങ്ങനെ ചെയ്യവെ പ്രവാചകന് പറഞ്ഞു, "പുറത്ത് പോ, അല്ലാഹുവിന്റെ ശത്രുവേ...! അല്ലാഹുവിന്റെശത്രുവേ, പുറത്ത് പോ !" അപ്പോള് കുട്ടി മുന്പ് ഉണ്ടായിരുന്നതില് നിന്ന് വ്യത്യസ്ഥമായി ഊര്ജ്ജസ്വലനാകാന് തുടങ്ങി ശേഷം അല്ലാഹുവിന്റെ റസൂല് കുട്ടിയെ പ്രവാചകന്റെ നേരേ മുന്നില് ഇരുത്തി അവന് വേണ്ടി കുറച്ചു വെള്ളം വരുത്തുകയും മുഖത്ത് തടവുകയും ചെയ്തു. ശേഷം അവന് വേണ്ടി പ്രാര്ഥിച്ചു. പ്രവാചകന് അവനുവേണ്ടി പ്രാര്ഥിച്ചതിനു ശേഷം അവനോളം ഊര്ജ്ജസ്വലതയുള്ള കുട്ടി നമ്മുടെ യാത്രാ സങ്കത്തില് ഉണ്ടായിരുന്നില്ല." (അല് ത്വബ്റാനി, അല് മുഅ്ജമുല് കബീര്, വോള്. 5, പേജ്: 275-6, മുഅ്ജമുല് സവാഇദു 9/3, ഇതിനെക്കുറിച്ച് അല് ഹൈത്തമി പറഞ്ഞു, ഉമ്മു അബാനിന് നിന്നും മത്താറല്ലാതെ മറ്റാരും ഉദ്ധരിച്ചിട്ടില്ല. ഇതിന്റെ ഇസ്നാദിലുള്ള ഹിന്ദ് ബിന്ത് അല് വാളിഅ' നെ എനിക്കറിയില്ല. ബാക്കി ഉള്ളവരെല്ലാം വിശ്വസ്തരാണ്. ഞാന് (വഹീദ് അബ്ദുല് സലാം ബാലി) പറയുന്നു: അല് ഹാഫിള്, ഉമ്മു അബാന് സ്വീകാര്യനാണെന്ന് പറഞ്ഞിട്ടുണ്ട്(തഖ് രീബു അല് തഹ്ദീബ് 2/619, ഇമാം ബുഖാരി അവരില് നിന്നും ഹദീസ് സ്വീകരിച്ചിട്ടുണ്ട്, അതിനാല് അവര് സ്വികരിക്കപ്പെടുന്ന ഗണത്തില് ആണ്)

പ്രവാചകന് പറഞ്ഞു: "വിഷത്തിനും കണ്ണേറിനും റുഖിയയോളം നല്ലതായി മറ്റൊന്നും ഇല്ല" (Sunan Abu-Dawood, Kitab Attib (Book of Medicine), Hadith No. 3889)

അബൂ സഈദില്നിന്നും; ജിബ്രീല്(അ) പ്രവാചകന്റെ അടുത്തുവന്നു ഇങ്ങനെ ചോദിച്ചു: "ഓ മുഹമ്മദ്, താങ്കള് രോഗിയാണോ?" അദ്ദേഹം പറഞ്ഞു; "അതേ" ജിബ്രീല്(അ) പറഞ്ഞു; 'അല്ലാഹുവിന്റെ നാമത്തില്, ഞാന് താങ്കള്ക്ക് റുഖിയ ചെയ്യുന്നു, താങ്കള്ക്ക് ഉപദ്രവം വരുത്തുന്ന എല്ലത്തില്നിന്നും എല്ലാ ആത്മാവിന്റെയും ദോഷത്തില്നിന്നും കണ്ണേറില്നിന്നും, അല്ലാഹു താങ്കള്ക്ക് ശിഫ നല്കട്ടെ, അല്ലാഹുവിന്റെ നാമത്തില്, ഞാന് താങ്കള്ക്കു റുഖിയ ചെയ്യുന്നു." (മുസ്ലിം വോള്.6, ബുക്ക് 39. നം.5700)

അബൂ സഈദ് അല് ഖുദുരീ പറഞ്ഞു: പ്രവാചകന്റെ സഹാബികളില്കുറച്ച് പേര് അറബ് ഗോത്രങ്ങളില് പെട്ട ഒരു ഗോത്രത്തെ കടന്നുപോയി ആ ഗോത്രം ഇവരെ സ്വീകരിച്ചില്ല, ഈ അവസ്ഥയില് ആ ഗോത്ര നായകനെ ഒരു പാമ്പ് (അല്ലെങ്കില് തേള്) കടിച്ചു. അവര് സഹാബികളോട് വന്നു ചോദിച്ചു; "നിങ്ങളുടെ പക്കല് എന്തെങ്കിലും മരുന്നുണ്ടോ, അല്ലെങ്കില്റുഖിയ കൊണ്ട് ചികിത്സിക്കാന് കഴിയുന്ന ആരെങ്കിലും"? സഹാബികള് പറഞ്ഞു: "നിങ്ങള് ഞങ്ങളെ സ്വീകരിക്കാന് വിസമ്മതിച്ചു, അതിനാന് ഞങ്ങള്ക്ക് പ്രതിഭലം

ലഭിക്കാതെ ഞങ്ങള് ചികിത്സിക്കുകയില്ല." അങ്ങനെ അവര് ഒരു ആട്ടിന് പറ്റത്തെ നല്കാമെന്നു സമ്മതിച്ചു. ഒരു സഹാബി ഫാതിഹ ഉപയോഗിച്ച് ചികിത്സിക്കാന് ആരംഭിച്ചു, തന്റെ തുപ്പുനീര്ഒരുമിച്ചുകൂട്ടി കടിയേറ്റ മുറിവില് തുപ്പുകയും ചെയ്തു. അങ്ങനെ രോഗി സുഖപ്പെട്ടു. അങ്ങനെ അവര് ആടുകളെ കൊണ്ടുവന്നപ്പോള് സഹാബികള് പറഞ്ഞു, "പ്രവാചകനോട് ചോദിചിട്ടല്ലാതെ ഞങ്ങളിത് സ്വീകരിക്കുകയില്ല." അങ്ങനെ പ്രവാചകന് ഇതറിഞ്ഞപ്പോള് അവരോടു ചോദിച്ചു, "ഫാത്തിഹ റുഖിയയാണെന്ന് നിനക്കെങ്ങനെ മനസ്സിലായി? അത് നിങ്ങള് സ്വീകരിക്കൂ എനിക്കും ഒരു വിഹിതം തരണം." (Sahih Al-Bukhari, Kitab Attib (Book of Medicine), Hadith No. 5749 & Sahih Muslim, Kitab Asslam (Book of Peace), Hadith No. 2201.)

അസ്മാ ബിന്ത് ഉമൈസ് ചോദിച്ചു, അബൂ ജഅ'ഫര് കുടുംബം കണ്ണേറുകൊണ്ട് കഷ്ടപ്പെടുന്നു, ഞങ്ങള് അതിനു റുഖിയ ചെയ്യട്ടെ?" പ്രവാചകന് മറുപടി പറഞ്ഞു: "അതേ എന്തെങ്കിലും, വിധിയെ മുന്കടക്കുമായിരുന്നെങ്കിൽ അത് കണ്ണേറാകുമായിരുന്നു." (Sunan Al-Tirmidhi, Kitab Attib (Book of Medicine), Hadith No. 2059.)

ഇബിനു മസ്ഊദില് നിന്നും; പ്രവാചകന് പറഞ്ഞു: "രണ്ട് രോഗ ശമനങ്ങള് നിങ്ങള് ഉപയോഗിക്കൂ, തേനും, ഖുര്ആനും" (Sunan Ibn-Majah, Kitab Attib (Book of Medicine), Hadith No. 3452.)

പ്രവാചകന് പറഞ്ഞു: ഏറ്റവും നല്ല രോഗശമനം ഖുര്ആന്ആകുന്നു" (Sunaj Ibn-Majah, Kitab Attib (Book of Medicine), Hadith No. 3501.)

ഹമ്പലി പണ്ഡിതനായ, ഖാളി അബുല് ഹുസ്സയിനുബിനു അല്ഖാളി അബു യഅ'ല ഇബിനു ഫിറാഅ' തന്റെ, 'ഇമാം അഹമ്മദിന്റെ അനുചരന്മാരുടെ തലമുറ' എന്ന ഗ്രന്ഥത്തില് പറയുന്നു: അഹമ്മദ് ഇബിനു ഉബൈദുല്ല പറയുന്നത് ഞാന് കേട്ടു: 'അബുല് ഹുസൈന് അലി ഇബിനു അഹമ്മദ് ഇബിനു അലി അല് അക്ബരി ദുല് ഖഅ'ദ 352 ഹിജറയില് അക്ബറയില്നിന്നു ഞങ്ങളുടെ അടുത്ത് വന്നു പറഞ്ഞു: 'എന്റെ പിതാവ്, എന്റെ പിതാമാഹന്പറഞ്ഞതായി എന്നോട് പറഞ്ഞു: "ഞാന് അബൂ അബ്ദില്ലാ അഹമ്മദ് ഇബിനു ഹമ്പലിന്റെ പള്ളിയിലായിരുന്നു, അപ്പോള് ഖലീഫ മുതവക്കിലിന്റെ കൊട്ടാരത്തില്നിന്നും ഒരു ദൂതന് വന്നു പറഞ്ഞു, കൊട്ടാരത്തില് ഒരു വേലക്കാരി സ്ത്രീക്ക് പൈശാചിക ബാധ എറ്റു, അതിനാല് ഖലിഫ അവള് സുഖപ്പെടുന്നതിനായി ഇമാമിനോടു പ്രാര്ഥിക്കാനാവശ്യപ്പെടുന്നു. ഇമാം വുളു ചെയ്യുമ്പോള് ഉപയോഗിക്കുന്ന തടികൊണ്ടുള്ള ചെരുപ്പ് ദൂതന്റെ കയ്യില് കൊടുത്തിട്ടു പറഞ്ഞു: നീ അമീറിന്റെ ഭവനത്തില് ചെന്ന് വേലക്കാരിയുടെ തലക്കല് പോയി ഇരുന്നിട്ട് അവനോട് (ബാധിച്ച ജിന്നിനോട്) പറയുക: "ഇമാം അഹമ്മദ് നിന്നോട് പറയുന്നു: 'ഈ വേലക്കാരിയില് നിന്നും നീ പുറത്ത് പോകുന്നുവോ, അതോ ഈ

ചെരുപ്പ് കൊണ്ട് എഴുപത് അടി നിനക്ക് കിട്ടുന്നതോ, ഏതാണ് നിനക്ക് കൂടുതല് ഇഷ്ടം.' ആ ദൂതന്പോയി ഇമാം ഏല്പിച്ചത് പോലെതന്നെ പറഞ്ഞു, അപ്പോള് ആ ജിന്ന് വേലക്കാരിയില് കൂടി സംസാരിച്ചു: 'ഞാന് കേള്ക്കുന്നു, അനുസരിക്കാം. അഹമ്മദ് ഞങ്ങളോട് ഇറാഖില് തന്നെ താമസിക്കരുത് എന്ന് കല്പിച്ചാലും നമ്മള് പോകും. അദ്ദേഹം അല്ലാഹുവിനെ അനുസരിക്കുന്നു; ആര് അല്ലാഹുവിനെ അനുസരിക്കുന്നുവോ, മറ്റുള്ളവയെല്ലാം അവനെ അനുസരിക്കും.'അങ്ങനെ അവന് വേലക്കാരിയെ വിട്ടു പോവുകയും അവള് ശാന്തയാവുകയും ചെയ്തു. പിന്നിടവള്ക്ക് മക്കളും ഉണ്ടായി. ഇമാം മരിച്ചതിനു ശേഷം ജിന്ന് അവളിലേക്ക് തിരിച്ചുവന്നു; അതിനാല് മുതവക്കില്, അബൂബക്കര് അല് മര്വസിയുടെ അടുത്തേക്ക് ദൂതനെ അയച്ചു, സാഹചര്യം അറിയിച്ചു. അല് മറുവസി ചെരുപ്പുമെടുത്ത് വേലക്കാരിയുടെ അടുത്തുപോയി, എന്നാല് ജിന്ന് അവളില് കൂടി അദ്ദേഹത്തോട് പറഞ്ഞു: 'ഞാന് ഈ വേലക്കാരിയില് നിന്നും പോവുകയില്ല. ഞാന് നിന്നെ അനുസരിക്കുകയോ, നീ പറയുന്ന ഒന്നും സ്വീകരിക്കുകയോ ഇല്ല. അഹമ്മദ് ഇബ്നു ഹമ്പല് അല്ലാഹുവിനെ അനുസരിച്ചിരുന്നു, അതിനാല് ഞങ്ങളോട് അദ്ദേഹത്തെ അനുസരിക്കാന് കല്പിക്കപ്പെട്ടു.(ആഹ്കാമുല് മര്ജാന്115)

ചോദ്യം: ഇന്നത്തെക്കാലത്ത് അപസ്മാരം, ജിന്ന് ബാധ, കണ്ണേര്, തുടങ്ങിയവക്ക് രോഗികളെ ചികിത്സിക്കാന് ആളുകള് ഖുര്ആന് ഉപയോഗിക്കുന്നതായി കേള്ക്കുന്നു.ചില രോഗികള്ക്ക് ഈ ചികിത്സ തൃപ്തികരമായി. അവരുടെ ഈ ചെയ്തിക്ക് നിയമപരമായി വല്ല എതിര്പ്പുമുണ്ടോ? റുഖിയ ചെയ്യുന്ന ആളിനടുത്തെക്ക് പോകുന്നത് തെറ്റാണോ? ഖുര്ആന് കൊണ്ട് റുഖിയ ചെയ്യുന്ന ഒരാള്ക്ക് എന്തെല്ലാം യോഗ്യതകള് ഉണ്ടാകണം?, സിഹ്ര്, അപസ്മാരം എന്നിവ ബാധിച്ച രോഗികളെ കുറച്ചു സലഫുകളെങ്കിലും ഖുര്ആന് കൊണ്ട് ചികിത്സിച്ചത് റിപ്പോര്ട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ?

മറുപടി: കണ്ണേര്, അപസ്മാര രോഗികളെ ഖുര്ആനുപയോഗിച്ച് ചികിത്സിക്കുന്നത് അനുവദിക്കപ്പെട്ടതാണ്. ഖുര്ആന് പാരായണവും, ഊര്പ്പത്തോടുകൂടി ഊതുന്നതുമാണ് റുഖിയയിലടങ്ങിയിട്ടുള്ളത്. ഖുര്ആന്പാരായണവും സ്ഥാപിതമായ പ്രാര്ത്ഥനകളുമാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. നിരോധിക്കപ്പെട്ട റുഖിയകള് അല്ലാഹു അല്ലാത്തവരോടുള്ള പ്രാര്ത്ഥന, ജിന്നുകളെയും, പിശാചുക്കളോടുമുള്ള പ്രാര്ത്ഥന, നിഗൂഢമായ നാമങ്ങള്, തുടങ്ങി മന്ത്രവാദികളും കപടന്മാരും ഉപയോഗിക്കുന്ന ശിര്ക്കന് രീതികളാണ്. ഖുര്ആന്പാരായണവും സ്ഥാപിതമായ പ്രാര്ത്ഥനകളും കൊണ്ടുള്ള റുഖിയ അനുവദിക്കപ്പെട്ടതാണ്, അല്ലാഹു ഖുര്ആനിനെ ശാരീരികവും മാനസികവുമായ രോഗങ്ങള്ക്കുള്ള ശമാനമാക്കിയിരിക്കുന്നു, ഇത് രോഗിക്കും റുഖിയ നടത്തുന്ന ആള്ക്കും, രോഗം

ശിഫയാക്കുന്നത് അല്ലാഹുവാനെന്നും റുഖിയ ഒരു ഉപാധിമാത്രമാണെന്നുമുള്ള ഉദ്ദേശവും വിശ്വാസവും നല്കുന്നു.

റാഖികള് സച്ചരിതരും, ഉറച്ച വിശ്വാസികളും ശിര്ക്കന്മന്ത്രം ചെയ്യാത്തവരും ജിന്നിനോടും പിശാചുക്കളോടും സഹായം തേടാത്തവരും, നിയമാനുസൃതമായ റുഖിയ ചെയ്യുന്നവരുമാണെന്ന് ഉറപ്പുള്ളവരാണെങ്കില് അവരുടെ അടുത്ത് ഖുര്ആനിക ചികിത്സ തേടിപ്പോകുന്നത് നിയമാനുസൃതമാണ്.

ഖുര്ആനിക മന്ത്രം കൊണ്ടുള്ള ചികിത്സ പ്രവാചകന്റെ സുന്നത്തില് ഉള്ളതാണ്, സലഫുകള് ചെയ്തിട്ടുള്ളതാണ്. സലഫുകള്, കണ്ണേര്, അപസ്മാരം, സിഹ്റ് എന്നിവക്കെല്ലാം ഖുര്ആന്കൊണ്ട് റുഖിയ ചെയ്തിട്ടുണ്ട്. റുഖിയ നിയമാനുസൃതമാണെന്നും പ്രയോജനപ്രദമാണെന്നും രോഗം മാറ്റുന്നത് അല്ലാഹു മാത്രമാണെന്നും അവര് വിശ്വസിച്ചു.

മന്ത്രവാദികളും, കപടന്മാരും ചില ഖുര്ആനിക ആയത്തുകളും സ്ഥിരപ്പെട്ട പ്രാര്ഥനകളും പരാമര്ശിക്കാറുണ്ട് എന്നതിനെക്കുറിച്ചും ജനങ്ങള്ജാഗ്രത കൈകൊള്ളണം, എന്നാലവര് അതിനൊപ്പം ശിര്ക്കും ജിന്നിനോടും പിശാചുക്കളോടുമുള്ള പ്രാര്ത്ഥനകൂടി കൂട്ടിക്കലര്ത്തുന്നു. ഇത് ചില അജ്ഞരായ രോഗികളെ വഞ്ചിതരാക്കുന്നു. അവര് വിചാരിക്കും യഥാര്ത്ഥ മന്ത്രമാണ് അയാള് ചെയ്യുന്നതെന്ന്. (Al-Fawzan's Selected Fatwas, Vol.1, pp.54-56)

ചോദ്യം: ഖുര്ആനുപയോഗിച്ചു റുഖിയ ചെയ്യുന്ന ആള്ക്ക് ബാധിച്ച ജിന്നിനെ അടിക്കാനും കഴുത്ത് ഞെരിക്കാനും, അതുമായ് സംസാരിക്കാനും അനുവാദമുണ്ടോ?

ഉത്തരം: ഇത്തരത്തിലുള്ള കാര്യങ്ങള്, ജിന്ന് പുറത്ത് പോകുന്നത് വരെ അതിനെ അടിക്കുക, കഴുത്ത് ഞെരിക്കുക, അതുമായി സംസാരിക്കുക എല്ലാം ഇബ്നുതീമിയ പോലുള്ള കുറച്ച് ഉലമാക്കള് മുന്കാലത്ത് ചെയ്തിട്ടുണ്ട്. എന്നാലും, ചില റാഖികള് ചെയ്യുന്ന പ്രകാരം ഇങ്ങനെയുള്ള കാര്യങ്ങള് ധാരാളമായി ചെയ്യുന്നതിനു അടിസ്ഥാനമില്ല. (Ifta' Permanent Committee, Fatawas on Treatment Using the Qur'an and the Sunnah, Ruqyas and Related Issues, by Ibn-Baz and Ibn-Uthaimeen, p. 69)

ഇബ്നുത്തൈമിയ പറഞ്ഞു: ജിന്ന് ബാധയുള്ള ഒരാളെ ചികിത്സിക്കുമ്പോള് ജിന്നിനെ പുറത്തിറക്കാന് ബാധിച്ച വ്യക്തിയെ പല തവണ അടിക്കേണ്ടതായി വരും. എന്നാലും ആ അടികള് എല്ക്കുന്നത് ജിന്നിനാണ്, ബാധ ഏറ്റ മനുഷ്യന് അതറിയാറില്ല. അടി കൊണ്ട മനുഷ്യനോട് ബോധം വരുമ്പോള് അവിടെ സന്നിഹിതരായിരുന്നവര് അടിയെക്കുറിച്ചു അറിയിക്കുമ്പോള് അതയ്യാള്ക്ക്

അനുഭവപ്പെട്ടിട്ടുണ്ടാവില്ല. ചിലര് മുന്നൂറിനും നാനൂറിനും മുകളില്പ്പോലും അവരുടെ കാലില് ശക്തമായി അടിക്കാറുണ്ട്, ആ അടി സാധാരണ നിലയില് ഒരുമനുഷ്യന് ഏറ്റാല് അവന് മരിക്കും, ജിന്നിന് മാത്രമേ അതനുഭവപ്പെടുകയുള്ളൂ. ജിന്ന് ആര്ത്തട്ടഹസിച്ചു അവിടെ കൂടിയവരോടു പലതും പറയും. പലപ്പോഴും നമുക്ക് തന്നെ ജനസാന്നിധ്യത്തില് ഇങ്ങനെയുള്ള ധാരാളം അനുഭവങ്ങള് ഉണ്ടായിട്ടുണ്ട്.

(ഇബിനുത്തെമിയ essay on jinn. p 93)

ഇബിനുത്തെമിയയുടെ ശിഷ്യനായ ഇബ്നു ഖയ്യിം തന്റെ ഗുരു നടത്തിയ ഒരു ചികിത്സയില് രോഗിയെ പ്രഹരിച്ചതായി വിവരിക്കുന്നുണ്ട്, "ചിലപ്പോള് ഷെയ്ഖ് (ഇബ്നുതൈമിയ) രോഗിയുടെ ചെവിയില് "അഫ ഹസിബ്തും അന്നമാ ഹലക്കിനാക്കും അബസ വ അന്നക്കും ഇലൈനാ ലാ തുര്ജഊന്" (ഖുര്ആന്: 23:115) എന്ന ആയത്ത് ഓതാറുണ്ട്, അദ്ദേഹം എന്നോട് പറഞ്ഞു; ഒരിക്കല് ഒരു ഭ്രാന്തനെ ചികിത്സിക്കുമ്പോള് ചെവിയില് ഇതോതി, ബാധിച്ച ജിന്ന് ഒരിഴഞ്ഞ ശബ്ദത്തില് മറുപടി പറഞ്ഞു, "അ.......തെ...." അദ്ദേഹം ഒരു വടി എടുത്തു രോഗിയുടെ കഴുത്തിലെ ഞരമ്പില് കൈ തളരുന്നത് വരെ അടിച്ചു. ഈ അടികാരണത്താല് അയാല്മരിച്ചുകാണുമെന്നു അവിടെ കൂടിവരെല്ലാം ഉറപ്പിച്ചു അടിക്കുന്ന സമയത്ത് ജിന്ന് അലറിക്കരഞ്ഞു, "ഞാനിവനെ സ്നേഹിക്കുന്നു", ഷെയ്ഖ് മറുപടി പറഞ്ഞു, "അവന് നിന്നെ സ്നേഹിക്കുന്നില്ല", അത് പറഞ്ഞു, "ഞാനിവനോടൊപ്പം ഹജ്ജ് ചെയ്യാന് ആഗ്രഹിക്കുന്നു", അദ്ദേഹം പറഞ്ഞു, അവന് നീയുമായി ഹജ്ജ് ചെയ്യാന് ആഗ്രഹിക്കുന്നില്ല" അതുപറഞ്ഞു, "നിന്റെ ആധരണീയത കൊണ്ട് ഞാന് പോകാം" ഷെയ്ഖ് പറഞ്ഞു, "വേണ്ടാ, അല്ലാഹുവിനെയും റസൂലിനെയും അനുസരിച്ചുകൊണ്ട് പോകൂ..." അത് പറഞ്ഞു, "എന്നാലിതാ ഞാന് പോകുന്നു". രോഗി എഴുന്നേറ്റിരുന്നു , ഇടത്തേക്കും വലത്തേക്കും നോക്കിയിട്ട് ചോദിച്ചു, "ഞാന് എന്തിനാണ് ഈ ബഹുമാന്യനായ ശൈഖിന്റെ അടുത്തുവന്നത്." അവിടെ കൂടിനിന്നവര് അയാളോട് ചോദിച്ചു, "നിനക്ക് കിട്ടിയ അടി എങ്ങനെ ഉണ്ടായിരുന്നു" അവന് ചോദിച്ചു, "ഷെയ്ഖ് എന്തിനാ എന്നെ അടിക്കുന്നത് ഞാന് ഒരു തെറ്റും ചെയ്തിട്ടില്ലല്ലോ?" അയാള്ക്ക് കിട്ടിയ അടി അല്പം പോലും അയാള് അറിഞ്ഞില്ല. (സാദുല്മആദു, വോള്: 4, പേജ്: 67-69)

ചോദ്യം: റുഖിയക്ക് ഫീസ് വാങ്ങുന്നതു സംബന്ധിച്ച താങ്കളുടെ ഒരു ഫത്വവയില് താങ്കള് പറഞ്ഞു, "റുഖിയ നടത്തി രോഗം ഭേദമായാല് ഫീസ് വാങ്ങുന്നതില് കുഴപ്പമില്ല." ഇതൊരു മെഡിക്കല് ഡോക്ടര്ക്ക് ബാധകമായ നിബന്ധനയല്ലേ? ഖുര്ആന് പാരായണം ചെയ്തതിനു ഫീസ് വാങ്ങുന്നതുമായി താരതമ്യം ചെയ്യുമ്പോള് ഖുര്ആന് ആയത്തുകള് കൊണ്ട്

മന്ത്രിക്കുന്നതിനുംവെള്ളത്തിലേക്കും എണ്ണയിലേക്കും ഖുര്ആനോതുന്നതിനും പ്രതിഭലം വാങ്ങുന്നത് അനുവദനീയമാണോ?

ഉത്തരം: അബൂ സഈദില് ഖുദ്രീ പറഞ്ഞതുപോലെ, പ്രവാചകന്റെ സഹാബികളില് ഒരാള് രോഗം കുറയുകയാണെങ്കില് ഒരാട്ടിന്പറ്റത്തെ പ്രതിഭലമായി നിശ്ചയിച്ചുകൊണ്ട് ഒരു ഗോത്ര തലവനു റുഖിയ നടത്തി. റുഖിയക്ക് കിട്ടിയ പ്രതിഭലത്തെ സംബന്ധിച്ച് പ്രവാചകന് ആ സഹാബികളോട് പറഞ്ഞു: "ആടുകളെ നിങ്ങള്ക്കിടയില് ഭാഗിക്കൂ, എനിക്കും തരണം ഒരു ഷെയര്".( Sahih Al-Bukhari, Kitab Attib (Book of Medicine), Hadith No. 5749 & Sahih Muslim, Kitab Asslam (Book of Peace), Hadith No. 2201.) അദ്ദേഹം ഇതുകൂടി പറഞ്ഞു അല്ലാഹുവിന്റെ ഗ്രന്ഥമാണ് ഫീസ് ഈടാക്കാന് ഏറ്റവും യോഗ്യമായത്". (Sahih Al-Bukhari, Kitab Attib (Book of Medicine), Hadith No. 5737.)

ഡോക്ടറെ സംബന്ധിച്ചടത്തോളം, അയാള് ചികിത്സക്കും മരുന്നിനും ഉള്ള ചെലവ് കൂടാതെ ഒരു നിശ്ചിത ഫീസ് നിബന്ധനയായി വക്കുകയാണെങ്കില്, രോഗശമനം ഒരു വ്യവസ്ഥയാണ്. മന്ത്രത്തെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരമായി അത് റുഖിയയാണ്, അതായത് ഖുര്ആന്പാരായണത്തോട് കൂടി രോഗിയിലേക്ക് ഈര്പ്പത്തോടു കൂടിയുള്ള ഊതലാണ്, അതുപോലെ പേപ്പറില് കുങ്കുമജലം കൊണ്ടുള്ള എഴുത്തുമാണ്, അവ മരുന്നിനോട് താരതമ്യം ചെയ്യാന് കഴിയുന്നതാണ്, അതുകൊണ്ട് അത് ചെയ്യുന്നതിലൂടെ ഫീസ് ഈടാക്കാനും കഴിയുന്നതാണ്. അതുപോലെ, ഹെല്ത്ത് വാട്ടറിന്റെയും എണ്ണയുടെയും യഥാര്ത്ഥ വിലയുടെ കൂടെ ഖുര്ആന് പാരായണം നടത്തുന്നതിനു കൂടി വില ഈടാക്കാവുന്നതാണ്.( A Fatawa by Al-Jibreen, signed by him. Selected Fatwas on faith healing and Witchcraft by Khalid Al-Jaraisy Translated by Mohamed Atif Mogahed Mohamed.-Riyadh. *This text is translated from the Arabic text:*

(الفتاوى الذهبية في الرقى الشرعية)

1.2 ചോദ്യം: ചില റാഖികള് (റുഖിയ നടത്തുന്ന ആള്) ചില രോഗങ്ങള് ചികിത്സിക്കാന് ചില ഖുര്ആനിക വചനങ്ങള് നിശ്ചിത എണ്ണം നിശയിക്കുന്നു. എന്നാല് നിശ്ചിത പ്രാവിശ്യം പാരായണം ചെയ്തതുകൊണ്ടാണ് രോഗശമനം കാരണമായതെന്ന് വിശ്വസിക്കുന്നും ഇല്ല. ഇങ്ങനെ എണ്ണം നിശ്ചയിക്കുന്നതിലുള്ള നിയമം എന്താണ്?

മറുപടി: ഖുര്ആനില് രോഗശമനമുണ്ട് എന്നത് സംശയം ഇല്ലാത്തതാണ്, അല്ലാഹു ഈ വചനങ്ങളില് പറഞ്ഞതുപോലെ, "പറയുക: ഇത് വിശ്വാസികള്ക്ക് ഒരു വഴികാട്ടിയും രോഗ ശമനവുമാണ്"(ഫുസ്സിലത്ത്:44) "ജനങ്ങളെ ! നിങ്ങള്ക്കിതാ നിങ്ങളുടെ റബ്ബിന്റെ പക്കല് നിന്നുള്ള ഉല്ബോധനവും, ഹൃദയങ്ങളിലുള്ള രോഗങ്ങള്ക്ക് ശിഫയും, ഒരു മാര്ഗദര്ശനവും, വിശ്വാസികള്ക്കുള്ള കാരുണ്യവും

വന്നിരിക്കുന്നു".(യൂനുസ്:57), "രോഗങ്ങള്ക്ക് ശമനമായി കൊണ്ടും, വിശ്വാസികള്ക്കുള്ള കാരുണ്യമായികൊണ്ടും നാം ഈ ഖുര്ആനെ അവതരിപ്പിച്ചിരിക്കുന്നു."(അല് ഇസ്രാഅ': 82)

ഖുര്ആനിക വചനങ്ങളുടെ പൊതുവേയുള്ള രോഗശമന ഗുണമാണ് ഈ വചനങ്ങള്, എന്നാലും കുറച്ച് വചനങ്ങള്ക്ക് ഒരു പ്രത്യേക രോഗശമന ഗുണമുണ്ട്, ഉദാഹരണം: സൂറത്തുല് ഫാത്തിഹ, ആയത്തുല് കുര്സി, സൂറത്തുല് ഫലഖ്, സൂറത്തുന്നാസ്, സൂറത്തുല്ഇഹ് ലാസ്, സൂറത്തുല് ബഖറയിലെ അവസാന രണ്ടായത്ത്, സൂറത്തുല് ഫാത്തിഹയെ സംബന്ധിച്ച്, ഇത് റുഖിയയായ് പാരായണം ചെയ്ത സഹാബിയോടു, "നിനക്ക് ഇത് രുഖിയയാണന്നു എങ്ങനെ അറിയാമായിരുന്നു"(*Sahih Al-Bukhari, Kitab Attib (Book of Medicine), Hadith No. 5736. & Sahih Muslim, Kitab Assalam (Book of Peace), hadith no. 2201.*) എന്ന് പ്രവാചകന് ചോദിച്ചതായി റിപ്പോര്ട്ട് വന്നിട്ടുണ്ട്. സൂറത്തുല് ഫലഖ്, സൂറത്തുന്നാസ്, ഈ സൂറത്തുകളെ സംബന്ധിച്ച് "ഇതുപോലുള്ള സൂറ:കള് കൊണ്ട് എന്തില്നിന്നും അഭയം തേടാവുന്നതാണ്." (SSunnan annasa'I, Kitab Al-Isti'atha (Book of Seeking Refuge) ഇങ്ങനെയുള്ള ആയത്തുകള് ആവര്ത്തിക്കുന്നത് സംബന്ധിച്ച്, അത് പാരായണവുമായി ബന്ധപ്പെട്ട വിഷയമാണ്, ഒരുപ്രാവിശ്യമോ, ഒന്നിലധികം തവണയോ ആകാം. എന്നിരുന്നാലും, കൂടുതല് പാരായണം ചെയ്യുന്നത് കൊണ്ടും കൂടുതല് ആവത്തിക്കുന്നത് കൊണ്ടും റുഖിയയുടെ ഭലം കൂടും(A Fatawa by Al-Jibreen, sighed by him.).

1:4 ചോദ്യം: റുഖിയ ചെയ്യാന് ഒരാള്ക്ക് വേണ്ട യോഗ്യതകള് എന്തെല്ലാമാണ്?

റുഖിയ ഫലപ്രദമാകാന് താഴെപ്പറയുന്ന യോഗ്യതകള് ഉണ്ടാകണം:

ആദ്യമായി അനിവാര്യമായത്, റാഖി നല്ലവനാകണം, സച്ചരിതനും, സത്യസന്ധനുമാകണം, നമസ്ക്കാരം നിലനിര്ത്തുന്നവനും, മറ്റ് മതനിയമങ്ങളും നന്മകളും ചെയ്യുന്നവനാകണം. ഇനി പാടില്ലാത്തത്, വന്പാപങ്ങലിലോ ചെറു പാപങ്ങളിലോ ഭാഗവാക്കാകാന് പാടില്ല, വെറുപ്പുളവാക്കുന്നതും അനുസരണക്കേടുമായ പ്രവര്ത്തികള് ഇസ്ലാമിക അധ്യാപനങ്ങള്ക്ക് പുറത്തുള്ള പ്രവര്ത്തികളില് നിന്നും വിട്ടുനില്ക്കുക. നിയമാനുസൃതമായ സ്രോതസ്സില് നിന്നായിരിക്കണം വരുമാനം സംബാധിക്കുന്നത്, വിലക്കപ്പെട്ടതോ,സംശയമുള്ള ഒന്നില് നിന്നോ ആയിരിക്കരുത്.

ഇതുമായി ബന്ധപ്പെട്ട പ്രവാചക വചനം, "ഹലാലായ സ്രോതസ്സില് നിന്നാണ് നിങ്ങള് ഊട്ടപ്പെടുതെങ്കില് നിങ്ങളുടെ പ്രാര്ഥനകള്ക്കു ഉത്തരം കിട്ടും"( Al-Awsat by Attabarani, Hadith No. 5026) ഉദാഹരണമായി പൊടിപിടിച്ച് ജടകുത്തിയ മുടിയോടുകൂടിയ യാത്രക്കാരന്റെ സംഭവം പ്രവാചകന് പറഞ്ഞു തന്നു, സുദീര്ഖമായ യാത്രയില് അയാള് തന്റെ കൈകള് ആകാശത്തേക്കുയര്ത്തി

പ്രാര്ഥിക്കുന്നു, "യാ....റബ്ബ്, യാ....റബ്ബ്" അവനെങ്ങനെയാണ് ഉത്തരം കിട്ടുക, അവന് കഴിക്കുന്നതും ധരിക്കുന്നതും ഹറാം, അവന് തന്നെ ഹറാമില് ഊട്ടപ്പെട്ടതാണ്."(*Sahih Musli,* Kitab Azzakah (Book of Alms), Hadith No. 1015.) അതിനാല് പ്രാര്ത്ഥനക്ക് ഉത്തരം കിട്ടണം. ഇതിനായ് റാഖി അടിസ്ഥാന ചിലവുകളെ ഈടാക്കാവൂ, ഇത് റുഖിയയെ കൂടുതല് പ്രയോജനപ്രദമാക്കും. രണ്ടാമതായി, റാഖിക്ക് പാരായണം ചെയ്യുന്ന ആയത്തില് എന്താണ് ഉള്ളതെന്നറിയണം, സൂറത്തുല് ഫാത്തിഹ, ആയത്തുല് കുര്സി, സൂറത്തുല് ഫലഖ്, സൂറത്തുന്നാസ്, സൂറത്തുല്ഇഹ് ലാസ്, സൂറത്തുല് ബഖറയിലെ അവസാന രണ്ടായത്ത്, സൂറത്തുല് ആലിംറാന്റെ തുടക്കത്തിലെയും അവസാനത്തിലെയും ആയത്ത്, സൂറത്തുല് തൌബ യിലെ അവസാനം, സൂറത്തുല് യൂനുസിന്റെ തുടക്കം, സൂറത്തുന്നഹലിന്റെ തുടക്കം, സൂറത്തുല് ഇസ്രാഇന്റെ അവസാനം, സൂറത്തുല് ത്വാഹായുടെ ആരംഭം, സൂറത്തുല് മുഅ'മിനൂനിന്റെ അവസാനം, സൂറത്തുസ്വാഫാത്തിന്റെ ആരംഭം, സൂറത്തുല് ഗാഫിറിന്റെ ആദ്യം, സൂറത്തുല് ജാസിയുടെ അവസാനം, സൂറത്തുല് ഹശിറിന്റെ അവസാനം. കൂടാതെ അല് കലിമുത്വയ്യിബിലും മറ്റും വിവരിച്ചിട്ടുള്ള ഖുര്ആനിക പ്രാര്ത്ഥനകളിലും നല്ല അറിവ് വേണം. റുഖിയ ചെയ്യുമ്പോള് പാരായണം, ഊതല്, മൂന്നോ അതിലതികമോ ഓതുക, തുടങ്ങി റുഖിയയുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളും തീര്ച്ചയായും അറിഞ്ഞിരിക്കണം.

മൂന്നാമതായി, രോഗി അര്പ്പണബോധമുള്ള ഒരു മുസ്ലിം ആയിരിക്കണം, ഭക്തനാകണം, സച്ചരിതനാകണം, തെറ്റുകള്, അനീതികള്, മറ്റ് നിരോധിക്കപ്പെട്ട പ്രവര്ത്തനങ്ങളില് നിന്നും അകന്നു നില്ക്കുന്നവനാകണം., അല്ലാഹു പറഞ്ഞു: " നിനക്ക് നാം ഖുര്ആനിനെ ഇറക്കിയത് വിശ്വാസികള്ക്ക് ശിഫയും കാരുണ്യവുമായികൊണ്ടാണ്, അധര്മ്മകാരികള്ക്ക് അത് നഷ്ടമല്ലാതെ വര്ദ്ധിപ്പിക്കുകയില്ല." (Al-Israa Sura, Ayah 82) "പറയുക: ഇത് വിശ്വാസികള്ക്ക് മാര്ഗദര്ശനവും ശമനവുമാണ്" (Fussilat sura, Ayah 44.) അതിനാല് തെറ്റ് ചെയ്യുന്നവരിലും ദീനിനോട് പ്രതിപത്തി ഇല്ലാത്തവരിലും, പോങ്ങച്ചക്കാരിലും; പലപ്പോഴും റുഖിയ വേണ്ടത്ര ഫലം ചെയ്യുകയില്ല. നമസ്ക്കാരം മുറപ്രകാരം നിര്വഹിക്കാത്തവരിലും, മറ്റ് മത കര്ത്തവ്യങ്ങള് ഉപേക്ഷിക്കുന്നവരിലും ഇത് തന്നെ സ്ഥിതി.

നാലാമതായി, രോഗി ഖുര്ആന് രോഗശമനമാണെന്നും, കാരുണ്യവും, ഉപയോഗപ്രദമായ ചികിത്സയാണെന്നും വിശ്വസിക്കണം. മറ്റൊരു വാക്കില് പറഞ്ഞാല് ഖുര്ആന്റെ രോഗശമന ശക്തിയില് ഉറപ്പില്ലാത്തവന് റുഖിയ ഫലശൂന്യമാണ്. ഉദാഹരണത്തിനു രോഗി ഇങ്ങനെ പറയുന്നു എന്ന് സങ്കല്പ്പിക്കുക, "നമുക്ക് ഒന്ന് റുഖിയചെയ്തു നോക്കാം, ചിലപ്പോള് ഉപയോഗപ്പെട്ടാലോ?, ഉപയോഗപ്പെട്ടില്ലെങ്കില് ദോഷമൊന്നും വരില്ലല്ലോ." പകരം ഖുര്ആന്റെ ശമന ശക്തിയെക്കുറിച്ച് അല്ലാഹു പറഞ്ഞപ്രകാരം

അടിയുറച്ചവിശ്വാസം വേണം. ഇതെല്ലാം സാധൂകരിക്കപ്പെട്ടാല് അല്ലാഹുവിന്റെ അനുമതിയാല് റുഖിയ ഫലപ്രതമായിരിക്കും. അല്ലാഹുവിനറിയാം. (A Fatawa by Al-Jibreen, sighed by him.)

ചോദ്യം: ജനപ്രീതിയാര്ജ്ജിച്ച ചികിത്സകനെക്കുറിച്ച് ഇസ്ലാമിന്റെ കാഴ്ചപ്പാട് എന്ത്?

ഉത്തരം: പ്രവാചകന് പറഞ്ഞു, എല്ലാ രോഗത്തിനും അല്ലാഹു മരുന്നിറക്കിയിട്ടുണ്ട്, അതിന്റെ അറിവ് ചിലര്ക്ക് കണ്ടെത്താന് കഴിയും ചിലര്ക്ക് കഴിയില്ല." (Sahih Al-Bukhari, Kitab Attib (Book of Medicine), Hadith No. 5678.) ചില പ്രതിവിധികള് ഉപയോഗിക്കുന്നതില് ജനപ്രീതിയാര്ജിച്ച ചികിത്സകര് തഴക്കമുള്ളവരാകുന്നു. അവരുടെ ചികിത്സയില് അറിവുള്ള പണ്ഡിതന്മാര് സൊരുക്കൂട്ടിയ വൈദ്യശാസ്ത്ര വിവരങ്ങള് കൂടി കൂട്ടിച്ചേര്ക്കുന്നു. സത്യത്തില് വൈദ്യശാസ്ത്ര പ്രയോഗം കാലങ്ങളായി അറിവുള്ളതാണ്. പ്രവാചകന്റെ കാലത്ത് ചിലര് ഇതില് വിദഗ്ധ്യം നേടി. മരുന്നിന്റെ ചേരുവകളെക്കുറിച്ചും ഗുണത്തെക്കുറിച്ചും ഉപയോഗത്തെക്കുറിച്ചും അവര്ക്ക് അറിവുണ്ടായിരുന്നു. ഈ മരുന്നുകള് ചികിത്സക്കുള്ള മാര്ഗമായി അവര് പരിഗണിച്ചു, എല്ലാ മാര്ഗങ്ങളുടെയും സൃഷ്ടാവ് അല്ലാഹു ആണെന്ന് വിശ്വസിച്ചു.

അങ്ങനെയുള്ള അറിവുകള് സ്വായത്തമാക്കലും ഉപയോഗിക്കലും അനുവദനീയമാണ്. കൂടുതലറിയാന്, ഇബ്നു ഖയ്യിമിന്റെയും അദ്ദഹബിയുടെയും അത്തിബ്ബുന്നവവി, ഇബ്നു മുഫ് ലിഹിന്റെ തസ്ഹീലുല് മനാഫി എന്നിവ വായിക്കാവുന്നതാണ്. (Al-Jibreen, Al-Kinz Aththmeen (The Precious Treasure), p. 209.).

1.31 ചോദ്യം: ഞാന് ഒരു മസ്ജിദിലെ ഇമാമും പ്രബോധകനുമായി ജോലി ചെയ്യുകയാണ്. അവിടെ സുന്നത്തിന്റെ വിലപിടിപ്പുള്ള ഗ്രന്ഥങ്ങളുടെ ഒരു ഗ്രന്ഥാലയം ഞാന് സ്ഥാപിച്ചിട്ടുണ്ട്. അവിടെ ഞാന് ഹദീസും, ഫിഖ്ഹും, തൌഹീദും, പഠിപ്പിക്കുന്നുണ്ട്. അതുകൂടാതെ, പ്രവാചകന് തന്റെ ഭാര്യമാര്ക്കും, സഹാബത്തിനും ചെയ്തു കൊടുത്തത്പോലെ, ജിബ്രീല്(അ) പ്രവാചകന് ചെയ്തത്പോലെ നിയമാനുസൃതമായ റുഖിയ കൊണ്ട് ഞാന് ചികില്സിക്കുന്നുമുണ്ട്. ഞാന് റുഖിയ ചെയ്യുമ്പോള് ഒരിക്കലും ഞാന് സുന്നത്തിനെതിരായിട്ടില്ല. ഇബ്നു തീമിയയുടെ 'ഇദ്ഹാം അദ്ദലാല ഫീ ഉമൂം അര്രിസാല' ഇബ്നു ഖയ്യിമിന്റെ സാദുല്മആദു പോലുള്ള ഗ്രന്ഥങ്ങളില് നിന്നും എടുത്ത റുഖിയയാണ് പലപ്പോഴും ഞാന് ഉപയോഗിക്കുന്നത്. താങ്കള്ക്കറിയാവുന്നതുപോലെ റുഖിയ ചികിത്സ സുന്നത്തില് സ്ഥിരപ്പെട്ടതാണല്ലോ.

റുഖിയ നടത്തുന്നതിനു ഞാന് പ്രതിഭലം വാങ്ങുന്നതും ഞാന് നിഷേധിക്കുന്നില്ല. താങ്കള്ക്ക് നന്നായി അറിയുന്നത് പോലെ, റുഖിയ നടത്തിയതിനു പ്രതിഭലം വാങ്ങാന് അനുമതി നല്കികൊണ്ട്, അബൂ സഊദില്ഖുദുരിയില്നിന്നും വന്ന ഹദീസിന്റെ അടിസ്ഥാനത്തിലാണ്. ഞാന് ഫീസ് വാങ്ങുന്നതിന്റെ വേറൊരുകാരണം, ജീവിക്കുന്നതിനായി ഞാന് മറ്റുള്ളവരെ ആശ്രയിക്കാന് ആഗ്രഹിക്കുന്നില്ല, പ്രത്യേകിച്ചും ഞാന് അന്ധനായതിനാല്, എനിക്ക് സ്ഥിരമായ ജോലിയില്ലാത്തതിനോടൊപ്പം, കുടുംബപരമായ ഉത്തരവാദിത്തങ്ങള് ഉണ്ട്. റുഖിയക്ക് പ്രതിഭലം വാങ്ങല് അനുവദനീയാമാണെന്ന എന്റെ അറിവാണ് അത് വാങ്ങാന്മറ്റൊരുകാരണം. എന്നിരുന്നാലും, അജ്ഞത കാരണമായി, ഞാന് പ്രതിഭലം വാങ്ങുന്നതിനെ എതിര്ക്കുന്നവര്ഇവിടെ ഉണ്ട്, അവരുടെ എതിര്പ്പിനു അവരുടെ കയ്യില് യാതൊരു തെളിവും ഇല്ലാതിരുന്നിട്ടും.

എന്റെ കൃത്യനിര്വഹണത്തില്, ഒരു യോഗ്യതയുമില്ലാതെ എതിര്ക്കുന്നവര്ക്ക്  അവബോധമുണ്ടാകുന്ന തരത്തില് ഈ വിഷയം വിഷദീകരിക്കണമെന്നു ഞാന് താങ്കളോട് അഭ്യര്ത്ഥിക്കുന്നു.

ഞാന് ചെയ്യുന്നത് തെറ്റായി താങ്കള് കാണുന്നുണ്ടോ, താങ്കള് എനിക്കത് വ്യെക്തമാകുന്ന വിധത്തില് എന്നെ അത് ബോധ്യപ്പെടുത്തും എന്ന് ഞാന് വിശ്വസിക്കുന്നു. താങ്കളുടെ വിധി സ്വീകരിച്ചുകൊള്ളാമെന്നു ഞാന് വാഗ്ദാനം ചെയ്യുന്നു.

മറുപടി: താങ്കള് വിശദമാക്കിയത് പോലെയാണെങ്കില്- താങ്കള് നിയമാനുസൃതമായ റുഖിയ കൊണ്ടാണെങ്കില്, താങ്കളുടെ റുഖിയ പ്രവാചകന്റെ സുന്നത്തില് സ്ഥിരപ്പെട്ടതുകൊണ്ടാണെങ്കില്, ഇബിനുതൈമിയയുടെയും ഇബിനു ഖയ്യിമിന്റെയും, അതുപോലെ ആഹിലുസ്സുന്നയുടെ മറ്റ് പണ്ഡിതന്മാരുടെയും കൃതികള്പരിശോധിച്ചാണെങ്കില് താങ്കള് ചെയ്യുന്നത് നിയമാനുസൃതവും, അഭിനന്ദിക്കപ്പെടെണ്ടതുമാണ്. റുഖിയക്കുള്ള പ്രതിഭലം സംബന്ധിച്ച്, താങ്കള് സൂചിപ്പിച്ച ഹദീസില് ബോധ്യപ്പെട്ടപോലെ, താങ്കള്ക്ക് അതെടുക്കല് അനുവദനീയമാണ്.

താങ്കള് നടത്തുന്നതായ പ്രബോധനത്തിനും, മാര്ഗധര്ശനത്തിനും, അധ്യാപനത്തിനും, ഇമാമത്തിനും, ആഹിലുസ്സുന്നത്തിന്റെ പണ്ഡിതന്മാരുടെ കൃതികളടങ്ങിയ വിലയേറിയ ഗ്രന്ധങ്ങളടങ്ങിയ ഗ്രന്ഥാലയം സ്ഥാപിച്ചതിനും, താങ്കളുടെ സഹോദരങ്ങളെ സേവിക്കുന്നതിനും താങ്കള്ക്ക് അല്ലാഹു പ്രതിഭലം നല്കട്ടെ. കൂടുതല് നന്മ ചെയ്യുന്നതിനും അലാഹുവിനെ അല്ലാതെ മറ്റാരെയും ആശ്രയിക്കാതെ ജീവിക്കാനും താങ്കളെ പ്രാപ്തനാക്കട്ടെ അല്ലാഹു- അവന്സ്തുതിക്കപ്പെടട്ടെ - മനുഷ്യനോട് അടുത്തവനാണവന്-,അവന് എല്ലാ പ്രാര്ഥനകളും കേള്ക്കുന്നു, അവന്റെ സലാം പ്രവാചകന്റെ മേലും,

അവിടുത്തെ കുടുംബത്തിന്‌റെ മേലും അവിടുത്തെ സഹാബികളുടെ മേലും ഉണ്ടാകട്ടെ. (Permanent Ifta' Committee, Islamic Research Journal, Issue 27, p. 58 - 5)

1.57 ചോദ്യം: വെള്ളത്തിലേക്ക് നഫസ് (തുപ്പലിന്‌റെ ഈര്‌പ്പത്തോടെ ഊതുക) ചെയ്യുന്നതിന്‌റെ നിയമസാധുത എന്ത്?

മറുപടി: രണ്ട് തരം നഫസ് ഉണ്ട്. ഒന്ന്, ഊതുന്ന ആളുടെ അനുഗ്രഹം ആഗ്രഹിച്ചു കൊണ്ടുള്ളത് ഇത് ശിര്‌ക്കിന്‌റെ ഒരുതരമായതിനാല് തീര്‌ച്ചയായും വിരോധിക്കപ്പെട്ടതാണ്, കാരണം ഒരാളുടെ തുപ്പുനീരില് യാതൊരു അനുഗ്രഹവും ഇല്ല. പ്രവാചകന്‌റെ അല്ലാതെ മറ്റാരുടെയും അവശിഷ്ടങ്ങള് കൊണ്ട് ബര്‌ക്കത്ത് പ്രതീക്ഷിച്ചു കൂടാ എന്നതാണ് സത്യം. ഇത് പ്രവാചകന്‌റെ ജീവിതകാലത്തും, ഇപ്പോള് അവശേഷിക്കുന്നെങ്കില് ഇപ്പോളും അത് കൊണ്ട് ബര്‌ക്കത്ത് പ്രതീക്ഷിക്കാം എന്നതാണ് സത്യം.........................................................................................................................................

രണ്ടാമത്തെ ഊതല്, റുഖിയ ചെയ്യുന്ന ആള് ഖുര്‌ആന് ഓതി വെള്ളത്തില് ഊതുന്നതാണ്. ഉദാഹരണത്തിനു ഫാത്തിഹ- ഫാത്തിഹ എന്തൊരു രോഗശമനഔഷധമാണ്- ഓതി ഊതാം. ഈ രീതിയിലുള്ള റുഖിയ ചില സലഫുകള് ചെയ്‌തിട്ടുണ്ട്, അല്ലാഹുവിന്‌റെ അനുമതിയാല് ഇത് പ്രയോജനപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്............................................ (Ifta‘ Permanent Committee, Fatwas on Treatment Using the Qur‘an and the Sunnah, Ruqyas and Related Issues, by Ibn-Baz and Ibn-Uthaimeen, pp.9-10.)

ചോദ്യം: റുഖിയ നടത്തുന്നതിനായി സ്‌പെഷ്യല് ക്ലിനിക്കുകള്ആരംഭിക്കുന്നതിനെക്കുറിച്ച് താങ്കള് എന്ത് പറയുന്നു?.

മറുപടി: ഇത് അനുവദനീയം അല്ല, ചതിക്കും, പ്രലോഭനത്തിനും അത് കാരണമാകും. കൂടാതെ സച്ചരിതരായ സലഫുകള് ഒരിക്കലും അങ്ങനെ ഒന്ന് ചെയ്‌തിട്ടില്ല. .....................................( Al-Mutaqa mm Fatawa Al-Fawzan (Al-Fawzan's Selected Fatwas), Vol. 2, p. 148.)